## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം **നമ്പർ : 2304** — **06.10.2016** ൽ മറുപടിയ്ക്ക്

### ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

**ചോദ്യം**

**ശ്രീ.എൽദോ എബ്രഹാം**

**മറുപടി**

**ശ്രീ.ഇ. ചന്ദ്രശേഖരൻ**
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും എത്ര കുടുംബങ്ങൾക്ക് ഭൂമി അനുവദിച്ചിട്ടുണ്ടെന്നും ജില്ല തിരിച്ച് അറിയിക്കാമോ ; | (എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഭൂമി ലഭിക്കുന്നതിന് അപേക്ഷകൾ ക്ഷണിക്കുകയും അവയിൽ നിന്ന് വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ കണ്ടെത്തി മുൻഗണനാ ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. പദ്ധതിക്കനുയോജ്യമായ വിവിധതരം സർക്കാർ ഭൂമികൾ കണ്ടെത്തി ഭൂമി പതിവ് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് 3 സെന്റ് ഭൂമി വീതം മുൻഗണനാ ലിസ്റ്റ് പ്രകാരം പതിച്ചു നൽകുന്നു. 58,398 ഗുണഭോക്താക്കൾക്ക് ഭൂമി അനുവദിച്ചിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിലുള്ള എണ്ണം താഴെ ചേർക്കുന്നു. |

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 3181 |
| കൊല്ലം | 1553 |
| പത്തനംതിട്ട | 883 |
| ആലപ്പുഴ | 256 |
| കോട്ടയം | 1309 |
| ഇടുക്കി | 8561 |
| എറണാകുളം | 1449 |
| തൃശ്ശൂർ | 1043 |
| പാലക്കാട് | 4329 |
| മലപ്പുറം | 1320 |
| കോഴിക്കോട് | 1550 |
| വയനാട് | 858 |
| കണ്ണൂർ | 15962 |
| കാസർഗോഡ് | 16144 |
| **ആകെ** | **58398** |

ഭൂമിയുടെ കൈവശം വിട്ടുകൊടുക്കുന്ന ചട്ടപ്രകാരമുള്ള പ്രവർത്തനം പുരോഗമിച്ചു വരുന്നു.

| | | |
|---|---|---|
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം അനുവദിച്ച ഭൂമികൾ പലതും വാസയോഗ്യ മല്ലാത്തതും സഞ്ചാര സൗകര്യം ഇല്ലാത്തതുമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിഹാരനടപടികൾ സ്വീകരിക്കുമോ; | (ബി) പദ്ധതി പ്രകാരം അനുവദിച്ച ഭൂമികളെ സംബന്ധിച്ച് വാസയോഗ്യമല്ലായെന്നും വഴി സൗകര്യമില്ലായെന്നുമുള്ള പരാതികൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഇത്തരം പരാതികൾ പരിഹരിക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം മൂവാറ്റുപുഴ നിയോജക മണ്ഡലത്തിൽ എത്ര പേർക്ക് ഭൂമി അനുവദിച്ചു എന്ന് അറിയിക്കാമോ; | (സി) പദ്ധതി പ്രകാരം മൂവാറ്റുപുഴ നിയോജക മണ്ഡലത്തിൽ 377 ഗുണഭോക്താക്കൾക്ക് ഭൂമി അനുവദിച്ചിട്ടുണ്ട്. |
| (ഡി) | മൂവാറ്റുപുഴ നിയോജക മണ്ഡല ത്തിൽപ്പെട്ട ഭൂരഹിതരായവരുടെ എത്ര അപേക്ഷകൾ നിലവിൽ ലഭിച്ചിട്ടുണ്ടെന്നും അതിൽ എന്ത് നടപടി സ്വീകരിച്ചു എന്നും അറിയിക്കാമോ? | (ഡി) പദ്ധതി പ്രകാരം മൂവാറ്റുപുഴ നിയോജക മണ്ഡലത്തിൽ നിന്ന് ആകെ 2652 അപേക്ഷകൾ ലഭിച്ചിരുന്നു. ഒന്നാം ഘട്ടമായി ലഭിച്ച 2367 അപേക്ഷകളിൽ നിന്ന് പദ്ധതിയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി 1778 ഗുണഭോക്താക്കളെ കണ്ടെത്തി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. രണ്ടാം ഘട്ടമായി ലഭ്യമായ 285 അപേക്ഷകളിൽ നിന്നുള്ള ഗുണഭോക്താക്കളെ കണ്ടെത്തി ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടില്ല. ഒന്നാം ഘട്ടമായി സ്വീകരിച്ചിരുന്ന അപേക്ഷകളിൽ നിന്നുള്ള ഗുണഭോക്താക്കളിൽ 377 ഗുണഭോക്താക്കൾക്ക് ഭൂമി അനുവദിച്ചിട്ടുണ്ട്. |

T. [signature]

സെക്ഷൻ ഓഫീസർ